©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി

**(2021-2023)**

**പതിനേഴാമത് റിപ്പോർട്ട്**

(2023 മാർച്ച് 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**പതിനഞ്ചാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2023

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി

**(2021-2023)**

## പതിനേഴാമത് റിപ്പോർട്ട്

(2023 മാർച്ച് 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

പതിനഞ്ചാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ
സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ
സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

393/2023.

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | പേജ് |
| സമിതിയുടെ ഘടന | | .. | v |
| അവതാരിക | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം I : | (കേരള ഗസറ്റ് നം. 27, തീയതി 8-7-1969) | .. | 5 |
| അനുബന്ധം II : | (എസ്.ആർ.ഒ. നമ്പർ 464/2022) | .. | 6 |
| അനുബന്ധം III : | (എസ്.ആർ.ഒ. നമ്പർ 465/2022) | .. | 8 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എം. എം. മണി, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിനഞ്ചാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)-യുടെ അഞ്ചാമത് റിപ്പോർട്ട് 2022 മാർച്ച് 16-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി, 20-12-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2023 മാർച്ച് 3-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2023 മാർച്ച് 14

# റിപ്പോർട്ട്

പതിനഞ്ചാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)-യുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

## അദ്ധ്യായം I

പതിനഞ്ചാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)-യുടെ അഞ്ചാമത് റിപ്പോർട്ട് 2022 മാർച്ച് 16-ാം തീയതി സഭയിൽ സമർപ്പിച്ചു. 1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിൻ കീഴിൽ പുറപ്പെടുവിച്ച ഉത്തരവുകൾ (എസ്.ആർ.ഒ.നം. 768/2020, 355/2021) സമിതി സൂക്ഷ്മപരിശോധന നടത്തുകയും സഹകരണം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളുമായിരുന്ന റിപ്പോർട്ടിലെ 2, 3, 5-7, 10-14 എന്നീ ഖണ്ഡികകളിലായി ഉൾപ്പെടുത്തിയിരുന്നത്.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പിൽ നിന്നും 10-6-2022-ലെ B1/64/2021-Co-Op. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ നടപടി പത്രിക, 20-12-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## അദ്ധ്യായം II

<u>സമിതി (2021-2023)-യുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകൾ, സർക്കാർ മറുപടി എന്നിവ</u>

### എസ്.ആർ.ഒ. നമ്പർ 768/2020

### ശിപാർശ (ഖണ്ഡിക 2)

1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ വകുപ്പ് 32(1) പ്രകാരം, ഒരു 'അഡ്മിനിസ്ട്രേറ്ററെയോ' അല്ലെങ്കിൽ ഒരു 'അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെയോ' രജിസ്ട്രാർക്ക് നിയമിക്കാവുന്നതാണ്. എന്നാൽ, ഖണ്ഡം 1-ൽ പാർട്ട്ടൈം അഡ്മിനിസ്ട്രേറ്ററെയാണ് നിയമിച്ചിരിക്കുന്നതെന്ന് കണ്ടെത്തിയ സമിതി, ആക്ടിന് വിരുദ്ധമായി, 'പാർട്ട്ടൈം അഡ്മിനിസ്ട്രേറ്ററെ' നിയമിക്കുവാനുണ്ടായ കാരണം പരിശോധിക്കുകയുണ്ടായി. ആക്ട് പ്രകാരം, സഹകരണ വകുപ്പ് ജീവനക്കാരെ, അവരിൽ നിക്ഷിപ്തമായ ഔദ്യോഗിക ചുമതലകൾക്ക് പുറമേ അഡ്മിനിസ്ട്രേറ്റർമാരുടെ അധിക ചുമതല നൽകി നിയമിക്കുന്ന രീതി അനുവർത്തിച്ചു പോരുന്നതിനാലാണ് 'പാർട്ട്ടൈം അഡ്മിനിസ്ട്രേറ്റർ' എന്ന വാക്ക് എസ്.ആർ.ഒ.-യിൽ ചേർത്ത്

393/2023.

കാണുന്നതെന്ന് സഹകരണ വകുപ്പ് സെക്രട്ടറി സമിതി മുൻപാകെ വ്യക്തമാക്കി. ആക്റ്റിൽ പ്രതിപാദിക്കുന്നതിൽ നിന്നും വിഭിന്നമായി അനുവർത്തിച്ചു പോകുന്ന രീതി ആശാസ്യമല്ലാത്തതിനാൽ ഇത്തരം ഉത്തരവുകൾ ഭാവിയിൽ പ്രസിദ്ധീകരിക്കുന്ന വേളയിൽ, 'പാർട്ട്ടൈം അഡ്മിനിസ്ട്രേറ്റർ' എന്ന വാക്കിനു പകരം 'അഡ്മിനിസ്ട്രേറ്റർ' എന്ന വാക്ക് തന്നെ ഉപയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഒരു ജില്ലക്കുള്ളിലെ സംഘങ്ങളുടെ ഭരണനിയന്ത്രണം ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്ക് ഏല്പിച്ചുകൊടുത്തുകൊണ്ട് 1969-ൽ പുറപ്പെടുവിച്ച ഡെലിഗേഷന്റെ പകർപ്പ് ലഭ്യമാക്കണമെന്നുകൂടി സമിതി നിർദ്ദേശിക്കുന്നു.

### സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ കർശനമായി പാലിക്കുന്നതാണ്. ഡെലിഗേഷന്റെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു (അനുബന്ധം I ).

### ശിപാർശ (ഖണ്ഡിക 3)

ബാങ്ക് ഭരണ സമിതിയെ പിരിച്ചു വിട്ടുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയതിന്റെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവുകൾ വിജ്ഞാപനം ചെയ്യുന്ന എസ്.ആർ.ഒ-കളിൽ, ആയതുമായി ബന്ധപ്പെട്ട മുൻ ഉത്തരവുകളുടെ വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നില്ലെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ, ഭാവിയിൽ അത്തരം എസ്.ആർ.ഒ.-കൾ പ്രസിദ്ധീകരിക്കുന്ന അവസരത്തിൽ, പ്രസ്തുത എസ്.ആർ.ഒ.-കളുമായി ബന്ധപ്പെട്ട ആദ്യ/മുൻ സർക്കാർ ഉത്തരവും തീയതിയും, എസ്.ആർ.ഒ. നമ്പറും, ഗസറ്റ് നമ്പറും തീയതിയും എന്നിവ നിർബന്ധമായും രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഭാവിയിൽ ഇത്തരം എസ്.ആർ.ഒ.-കൾ പ്രസിദ്ധീകരിക്കുന്ന അവസരത്തിൽ സമിതിയുടെ ശിപാർശ കർശനമായി പാലിക്കുന്നതാണ്.

### ശിപാർശ (ഖണ്ഡിക 5)

ഖണ്ഡം 4-ലെ അവസാന വരിയിലെ 'whichvever' എന്ന വാക്ക് 'whichever' എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 6)

ഖണ്ഡം 5-ലെ എട്ടാം വരിയിലെ '….. 28th December, 2020' എന്നതിനു ശേഷം 'or' എന്ന വാക്ക് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 7)**

അവസാന ഖണ്ഡത്തിലെ എട്ടാം വരിയിലെ 'administrator' എന്നത് 'part-time administrator' എന്നാക്കി ഏകീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി (ഖണ്ഡിക 5,6,7)**

സമിതിയുടെ ശിപാർശ നടപ്പാക്കിയുള്ള 10-5-2022-ലെ സ.ഉ(പി)നം.68/2022/Co-Op തിരുത്തൽ വിജ്ഞാപനം 11-5-2022-ലെ അസാധാരണ ഗസറ്റ് നം. 1528-ൽ SRO No.464/2022 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ് (അനുബന്ധം II ).

**ശിപാർശ (ഖണ്ഡിക 10)**

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട പൊതുജന താല്പര്യം എന്താണെന്ന് കൃത്യമായി പരാമർശിക്കണമെന്ന് ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ആയത് പ്രസ്തുത ഉത്തരവുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ, ഇത്തരം വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആയതിന്റെ വിശദാംശങ്ങൾ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട പൊതുജന താല്പര്യം എന്താണെന്ന് കൃത്യമായി പരാമർശിക്കണമെന്ന് ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നതിനാൽ, ഇത്തരം വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**എസ്.ആർ.ഒ. നമ്പർ 355/2021**

**ശിപാർശ (ഖണ്ഡിക 11)**

ഖണ്ഡം 5-ലെ അഞ്ചാം വരിയിലെ 'whichvever' എന്ന വാക്ക് 'whichever' എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 12)**

ഖണ്ഡം 6-ലെ എട്ടാം വരിയിലെ '….. 28th June, 2021' എന്നതിനു ശേഷം 'or' എന്ന വാക്ക് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 13)**

പ്രസ്തുത എസ്.ആർ.ഒ.-യുടെ 'By Order of the Governor,' എന്നതിന്റെ തൊട്ട് താഴെയുള്ള 'MINI ANTONY IAS' എന്നതിലെ 'IAS' എന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി (ശിപാർശ ഖണ്ഡിക 11,12,13)**

സമിതിയുടെ ശിപാർശ നടപ്പാക്കിയുള്ള 10-5-2022-ലെ സ.ഉ(പി)നം.69/2022/Co-Op തിരുത്തൽ വിജ്ഞാപനം 11-5-2022-ലെ അസാധാരണ ഗസറ്റ് നം.1531-ൽ SRO No.465/2022 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ് (അനുബന്ധം III ).

**ശിപാർശ (ഖണ്ഡിക 14)**

മൂവാറ്റുപുഴ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ ഭരണ സമിതിയെ പിരിച്ചുവിട്ടുകൊണ്ട് 29-6-2019 മുതൽ തുടർന്നു വരുന്ന അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിന്റെ കാലാവധി ദീർഘിപ്പിച്ചു കൊണ്ടുപോകുന്ന സർക്കാർ നടപടി, ഉചിതമല്ലായെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ, അഡ്മിനിസ്ട്രേറ്റർ ഭരണം അവസാനിപ്പിച്ച് പ്രസ്തുത ബാങ്കിൽ പുതിയ ഭരണ സമിതിയെ തെരഞ്ഞെടുക്കുന്നതിനായി ഇലക്ഷൻ നടത്താനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അഡ്മിനിസ്ട്രേറ്റർ ഭരണം അവസാനിപ്പിച്ച് പ്രസ്തുത ബാങ്കിൽ പുതിയ ഭരണ സമിതിയെ തെരഞ്ഞെടുക്കുന്നതിനായി ഇലക്ഷൻ നടത്താനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ എറണാകുളം ജോയിന്റ് രജിസ്ട്രാറെ ചുമതലപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. നിയമാനുസൃത നടപടി പൂർത്തിയാക്കി നിർദ്ദേശം പാലിക്കുന്നതാണ്.

എം. എം. മണി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2023 മാർച്ച് 14.

Kerala Gazette No. 27 dated 8th July 1969

PART I

# GOVERNMENT OF KERALA

## Agriculture (Co-operation) Department

## NOTIFICATION

G. O. MS. No. 255/69/AD. *Dated, Trivandrum, 28th June 1969.*

In exercise of the powers conferred by sub-section (2) of section 3 of the Kerala Co-operative Societies Act, 1969 (21 of 1969) and in supersession of the existing notifications on the subject, the Government of Kerala hereby confer on the officers specified in Column (1) of the Table below, the powers of the Registrar under the said Act specified in the corresponding entries in Column (2) thereof

TABLE

| *Officers* | *Powers* |
|---|---|
| (1) | (2) |
| 1. Additional Registrar<br>2. Joint Registrars | All powers of the Registrar under the Act. |
| 3. Deputy Registrars including Deputy Registrars for audit | All the powers of the Registrar under the Act *except* those referred to in sections 32, 71(1) and (3) and 87. |
| 4. Assistant Registrars including Assistant Registrars for audit | The powers of the Registrar under sections 30, 63, 64, 65, 66, 69, 70, 75, and 76 of the Act. |

By order of the Governor,

R. SADASIVA PANICKER,

*Joint Secretary.*

G. 1426

Scanned by CamScanner

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2022 മേയ് 11<br>11th May 2022<br>1197 മേടം 28<br>28th Medam 1197<br>1944 വൈശാഖം 21<br>21st Vaisakha 1944 | നമ്പർ<br>No. **1528** |

GOVERNMENT OF KERALA

**Co-operation (B ) Department**

ERRATUM

G.O. (P) No. 68/2022/Co-op *Dated, Thiruvananthapuram, 10th May, 2022.*
*27th Medam, 1197.*

**S. R. O. No. 464/2022**

In the notification issued under G.O.(P)No.145/2020/Co-op dated 2nd November, 2020 and published as S.R.O.No.768/2020 in the Kerala Gazette Extraordinary No.2603 dated 2nd November, 2020,-

in para 4 for “whichvever” read “whichever”

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

in para 5 “or” is inserted after 28th December, 2020 and before till a newly elected committee

in para 6 for “administrator” read “part-time- administrator”

By order of the Governor,

**MINI ANTONY**

*Secretary to Government.*

## Explanatory Note

[This does not form part of the Errata, but is intended to indicate its general purport.]

In the notification issued under G.O.(P)No.145/2020/Co-op dated 2nd November, 2020 and published as S.R.O.No.768/2020 in the Kerala Gazette Extraordinary No.2603 dated 2nd November, 2020, certain mistakes have crept in. In order to rectify those mistakes, Government have decided to issue an errata.

Hence the errata notification.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.05.11 03:17:35 +05:30

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2022 മേയ് 11<br>11th May 2022<br>1197 മേടം 28<br>28th Medam 1197<br>1944 വൈശാഖം 21<br>21st Vaisakha 1944 | നമ്പർ<br>No. | 1531 |


GOVERNMENT OF KERALA

**Co-operation (B) Department**

ERRATUM

G.O.(P)No.69/2022/Co-op

*Dated, Thiruvananthapuram, 10th May, 2022.*
*27th Medam, 1197.*

**S. R. O. No. 465/2022**

In the notification issued under G.O.(P)No.66/2021/Co-op dated 30th March, 2021 and published as S.R.O.No.355/2021 in the Kerala Gazette Extraordinary No.1414 dated 12th April, 2021,-

in para 5, for “whichvever” read “whichever”

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

in para 6 “or” is inserted after 28th June, 2021 and before till a newly elected committee

after para 7, for “MINI ANTONY IAS” read “MINI ANTONY”

By order of the Governor,

**MINI ANTONY**

*Secretary to Government.*

**Explanatory Note**

[This does not form part of the Errata, but is intended to indicate its general purport.]

In the notification issued under G.O.(P)No.66/2021/Co-op dated 30th March, 2021 and published as S.R.O.No.355/2021 in the Kerala Gazette Extraordinary No.1414 dated 12th April, 2021, certain mistakes have crept in. In order to rectify those mistakes, Government have decided to issue an errata.

Hence the errata notification.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.05.11 07:23:43 +05:30